# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5287

## 01-07-2019 ൽ മറുപടിക്ക്

## കിഫ്ബി വഴി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ

| ചോദ്യം<br>ശ്രീ. കെ. ആൻസലൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി വഴി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച പൊഴിയൂർ-കാരോട് കുടിവെള്ള പദ്ധതി, അതിയന്നൂർ കുടിവെള്ള പദ്ധതി, മുള്ളറവിള-ആയയിൽ പാലം നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് , ഭരണാനുമതി നൽകുന്നതിനുള്ള നിലവിലെ തടസ്സങ്ങൾ ഓരോന്നായി വ്യക്തമാക്കുമോ; | കിഫ്ബി വഴി നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച പൊഴിയൂർ-കാരോട് കുടിവെള്ള പദ്ധതി, അതിയന്നൂർ കുടിവെള്ള പദ്ധതി, മുള്ളറവിള-ആയയിൽ പാലം നിർമ്മാണം എന്നീ പ്രവൃത്തികളിന്മേൽ ഉണ്ടായിരുന്ന സാങ്കേതിക ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പ്രസ്തുത SPV കൾ (പദ്ധതി നിർവഹണ ഏജൻസി) സമർപ്പിച്ച മറുപടികൾ പരിശോധിച്ച് കിഫ്ബിയുടെ ഇനി വരുന്ന എക്സിക്യൂട്ടീവ് / ബോർഡ് യോഗങ്ങളിൽ അംഗീകാരത്തിനായി സമർപ്പിക്കാനുതകുന്ന അന്തിമ റിപ്പോർട്ട് തയ്യാറായി വരുന്നു. |
| (ബി) പൊഴിയൂർ-കാരോട്, അതിയന്നൂർ എന്നീ കുടിവെള്ള പദ്ധതിയ്ക്ക് ആവശ്യമായ ജലം നെയ്യാറിൽ ഇല്ല എന്ന് തെറ്റിദ്ധരിപ്പിക്കുന്ന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഏത് ഏജൻസിയാണ് ഈ റിപ്പോർട്ട് നൽകിയത് എന്ന് വിശദീകരിക്കാമോ? | പൊഴിയൂർ-കാരോട്, അതിയന്നൂർ എന്നീ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സിന്റെ ജലലഭ്യതയുമായി ബന്ധപ്പെട്ട തെറ്റിദ്ധരിപ്പിക്കുന്ന റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. ചില വിശദീകരണങ്ങൾ വാട്ടർ അതോറിറ്റിയോട് കിഫ്ബി ചോദിച്ചിരുന്നു. ആയതിന് ഇറിഗേഷനിൽ നിന്നും ലഭ്യമായ വിവരങ്ങൾ ശേഖരിച്ച് സ്രോതസ്സിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള വിശദാംശങ്ങൾ കേരള വാട്ടർ അതോറിറ്റി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ കൂടി ഉൾപ്പെടുത്തിയ അന്തിമ റിപ്പോർട്ട് തയ്യാറായി വരുന്നു. |

സെക്ഷൻ ഓഫീസർ